**സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം**

# എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ്

## സംഗീതരഞ്ജിനി (അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ കർണാട്ടിക് മ്യൂസിക്) (ADCM)

## 2026 ജൂലൈ സെഷൻ

## പ്രവേശന പത്രിക

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ ആഭിമുഖ്യത്തിലുള്ള എസ് ആർ. സി കമ്മ്യൂണിറ്റി കോളേജ് 2026 ജൂലൈ സെഷനിൽ ആരംഭിക്കുന്ന സംഗീതരഞ്ജിനി (അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ കർണാട്ടിക് മ്യൂസിക്) (ADCM) പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. തിരുവനന്തപുരം ആസ്ഥാനമായുള്ള സംഗീതഭാരതി എന്ന പഠനകേന്ദ്രം വഴിയാണ് അഡ്വാൻസ്ഡ് ഡിപ്ലോമ പ്രോഗ്രാം നടത്തപ്പെടുന്നത്. ഒരു വർഷമാണ് അഡ്വാൻസ്ഡ് ഡിപ്ലോമ പ്രോഗ്രാമിന്റെ കാലാവധി. പ്രോഗ്രാമിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. SR001: History of Music Part II
2. SR002: Contributions of Swati Thirunal
3. SR003: Tamil Music
4. SR004: Life History and Raga Lakshana
5. SR005: Practical Part I
6. SR006: Practical Part II
7. SR007: Practical Part III
8. SR008: Practical Part IV
9. SR009: Project

ആഴ്ചയിൽ രണ്ട് ദിവസം വൈകുന്നേരം 7.30 മുതൽ 9.30 വരെയുള്ള സമയങ്ങളിൽ സംഘടിപ്പിക്കുന്ന ഓൺലൈൻ ക്ലാസ്സുകൾ, ഓരോ വിഷയത്തിലും തയ്യാറാക്കിയിട്ടുള്ള സ്വയം പഠന സഹായികൾ, പ്രോജക്റ്റ്‌വർക്ക്, എന്നിവ സംഗീതരഞ്ജിനി അഡ്വാൻസ്ഡ് ഡിപ്ലോമ പ്രോഗ്രാമിന്റെ പഠനത്തിന്റെ ഭാഗമായിട്ടുണ്ട്. എഴുത്തു പരീക്ഷകൾ, അസൈൻമെന്റുകൾ, പ്രോജക്റ്റ്, പ്രാക്ടിക്കൽ പരീക്ഷകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് പ്രോഗ്രാമിന്റെ മൂല്യനിർണ്ണയം. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിന് 70 ശതമാനം ഹാജർ ഉറപ്പുവരുത്തണം. അഡ്വാൻസ്ഡ് ഡിപ്ലോമ പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത സ്റ്റേറ്റ് റിസോഴ്സ് സെന്റർ നടത്തുന്ന സംഗീതഭൂഷണം ഡിപ്ലോമ അഥവാ ഏതെങ്കിലും സർവ്വകലാശാല ബിരുദമോ അഥവാ തത്തുല്യ യോഗ്യതയോ ആണ്.

ഒരു വർഷം ദൈർഘ്യമുള്ള അഡ്വാൻസ്ഡ് ഡിപ്ലോമ പ്രോഗ്രാമിന് 18000/- രൂപയാണ് ഫീസ്. ഇത് രണ്ട് തവണയായി അടയ്ക്കുന്നതിന് സൗകര്യമുണ്ട്. ആദ്യ തവണത്തേക്ക് അപേക്ഷ ഫീസിനത്തിൽ 200/- രൂപ കൂടിചേർത്ത് 9.200/- രൂപയും രണ്ടാം തവണ 9,000/- രൂപയുമാണ് ആകെ പ്രോഗ്രാം ഫീസിനത്തിൽ അടയ്ക്കേണ്ടത്. ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കുന്നതിന് https://app.srccc.in/register എന്ന ലിങ്കിലൂടെ കഴിയും. https://srccc.in/download എന്ന ലിങ്കിൽ നിന്നും അപേക്ഷാഫാറം ഡൗൺലോഡ് ചെയ്തും അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട

അവസാന തീയതി 2026 ജൂൺ 30 ആണ്. വിശദ വിവരങ്ങൾ തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി ഓഫീസിൽ നിന്ന് നേരിട്ടും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം- 33. ഫോൺ നം: 04712325101, 8281114464, വിശദാംശങ്ങൾ www.srccc.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

ഓൺലൈനിൽ നടത്തപ്പെടുന്ന അഭിരുചി പരീക്ഷയിൽ വിജയിക്കുന്നവരെയാണ് സംഗീതരഞ്ജിനി പ്രോഗ്രാമിന്റെ പഠിതാക്കളായി തെരഞ്ഞെടുക്കുന്നത്. പഠിതാക്കളായി തെരഞ്ഞെടുക്കപ്പെടുന്ന പക്ഷം പ്രോഗ്രാം ഫീസിനത്തിലുള്ള തുക ഒടുക്കിയാൽ മതിയാകും. വർണ്ണം, കീർത്തനങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള വിഷയങ്ങളാണ് അഭിരുചി പരീക്ഷയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സംഗീതരഞ്ജിനി (ADCM) പ്രോഗ്രാമിന്റെ പഠനകേന്ദ്രം: സംഗീതഭാരതി, തൈക്കാട്, തിരുവനന്തപുരം.



ഡയറക്ടർ